


# കുന്നിക്കുരുമണി

# ഉള്ളടക്കം


സമത്വം -○○○○○○○○ ○○○○○ ○○○○○ ○○○○○ ○○○○ ○○○○○ 7

മഴക്കണ്ണ്- ○○○○○○○○ ○○○○○ ○○○○○ ○○○○○ ○○○○ ○○○○○ 8

സുഭദ്ര-○○○○○○○○ ○○○○○ ○○○○○ ○○○○○ ○○○○ ○○○○○ 9

ഉമ്മ -○○○○○○○○ ○○○○○ ○○○○○ ○○○○○ ○○○○ ○○○○○ 13

എലി പറയുന്നത്-○○○○○○○○ ○○○○○ ○○○○○ ○○○○○ ○○○○ ○○○○○14

**Beat plastic pollution** -○○○○○○○○ ○○○○○ ○○○○○ ○○○○○ ○○○○ ○○○○○ 15

കുസൃതി കുരങ്ങൻ -○○○○○○○○ ○○○○○ ○○○○○ ○○○○○ ○○○○ ○○○○○ 17

അമ്മയുടെ സ്നേഹം-○○○○○○○○ ○○○○○ ○○○○○ ○○○○○ ○○○○ ○○○○○18

രാക്കയിൽ-○○○○○○○○ ○○○○○ ○○○○○ ○○○○○ ○○○○ ○○○○○ 20

മലയാളത്തിന്റെ ഭംഗി-○○○○○○○○ ○○○○○ ○○○○○ ○○○○○ ○○○○ ○○○○○ 21

ഇല പൊഴിയുമ്പോൾ-○○○○○○○○ ○○○○○ ○○○○○ ○○○○○ ○○○○ ○○○○○ 23

മൗനത്തിന്റെ കളത്തിൽ-○○○○○○○○ ○○○○○ ○○○○○ ○○○○○ ○○○○ ○○○○○ 24

ഓർമ്മതൻ മർമ്മരം-○○○○○○○○ ○○○○○ ○○○○○ ○○○○○ ○○○○ ○○○○○ 26

ആടിനെ പട്ടിയാക്കിയ കഥ-○○○○○○○○ ○○○○○ ○○○○○ ○○○○○ ○○○○ ○○○○○ 27

ഓർമപെയ്ത്ത് - ○○○○○○○○ ○○○○○ ○○○○○ ○○○○○ ○○○○ ○○○○○ 28

പുഴയുടെ തേങ്ങൽ -○○○○○○○○ ○○○○○ ○○○○○ ○○○○○ ○○○○ ○○○○○31

**തുടിതാളം-** **32**

**താളമർമ്മരം-** **33**

**ശ്രേഷ്ഠ മലയാളം-** **34**

**അമ്മ-** **36**

**കാലം-** **37**

**ബാല്യ കാലം-** 39

**കണ്ണീരോളങ്ങൾ** - 40

**മൗനം** - 41

**ഓർമ്മതൻ വിദ്യാലയം**- 42

**അവസാനിപ്പിക്കു ഈ അക്രമം**- 43

**ഐ സി യു**- 45

**എന്റെ സ്കൂളും ഹൈടെക്കായി**- 46

**നന്നായി പഠിക്കാം, കളിക്കാം**- 48

**ഒരു തോരാമഴ**- 49

**കനിവ്** - 50

**അഖില കേരളം**- 51

**ജ്വലനം** - 52

**കുറ്റ്യാടി**- 53

**കേരളം**- 55

**വരകളിലൂടെ**- 56

# പിന്നണിയിൽ

ചീഫ് എഡിറ്റർ - **നന്ദിത വി**

സ്റ്റാഫ് എഡിറ്റർ - **ഖാലിദ് വി എം**

## പത്രാധിപ സമിതി

**മാഷിദ ഒ.**
**ഹിഷാം മുഹമ്മദ് അമീൻ .**
**മുഹമ്മദ് ശാമിൽ എം സി**
**സിനാൻ ജെ കെ**
**റനീൻ ജലീൽ**
**മുഹമ്മദ് ഖിഫിൽ ടി വി**
**യഹിയ സിനാൻ.**
**മായാ വൽസൻ.**
**നന്ദന കെ.**

## കവർ ഡിസൈൻ

***നന്ദിത വി***

പത്രാധിപർ പറയുന്നു...........

കുറ്റ്യാടി ഗവ.ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തങ്ങളുടെ **കുന്നിക്കുരുമണി** പുറത്തിറക്കുകയാണ്. ചെറിയ, എന്നാൽ മനോഹരങ്ങളായ രചനകൾ ഉൾപ്പെടുത്തിയ ഈ ആദ്യ സംരംഭം ഏറെ പ്രയാസങ്ങൾ സഹിച്ചാണ് ഞങ്ങൾ പുറത്തിറക്കുന്നത്.

കൂട്ടുകാരുടെ ഭാവനയും അവരുടെ ടൈപ്പിംഗ് വേഗതയും ഒത്ത് ചേർന്നപ്പോഴാണ് ഈ കുന്നിക്കുരുമണി പുറത്തുവന്നത്. ചെറിയ തെറ്റുകളും മറ്റു പോരായ്മകളും വായനക്കാർ ക്ഷമിക്കുമെന്ന വിശ്വാസത്തോടെ ഞങ്ങൾ ഈ കൊച്ചു മാഗസിൻ പ്രസിദ്ധീകരിക്കട്ടെ .

സ്നേഹപൂർവ്വം

പത്രാധിപർ

# സന്ദേശം



കുറ്റ്യാടി ഗവ ;ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു .

വിദ്യാർത്ഥികളുടെ സർഗ്ഗവാസന പ്രോത്സാഹിപ്പിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളെ ഉയരങ്ങളിൽ എത്തിക്കാൻ പര്യാപ്തമാണ് .കുട്ടികൾക്കും പിന്നിൽ പ്രവർത്തിക്കുന്നവർക്കും അഭിനന്ദനങ്ങൾ .

*എ എം കുര്യൻ   ഹെഡ്മാസ്റ്റർ ജി എച്ച് എച്ച് എസ് കുറ്റ്യാടി*

# സമത്വം

നന്ദിത വി  9 എച്ച്

സമത്വം ഒരു വിലപ്പെട്ട ആശയമാണ്.അത് നീതി ഉറപ്പാക്കാൻ കഴിയുന്ന ഒരു തത്വമാണ്.പക്ഷെ, നിർഭാഗ്യവശാൽ തുല്യത അസ്വാസ്ഥ്യമായിരിക്കുന്നു.പുരാതന ഗ്രീസിൽ നഗരങ്ങളിലെ ജനങ്ങൾ ജനാധിപത്യത്തെ പ്രതിനിധാനം ചെയ്തു.അവിടെ സാധാരണക്കാർ പ്ലീബിൻസ് എന്ന് വിളിച്ചിരുന്നു.പ്രബലരായ പൗരന്മാരുടെ അടിമകളായിരുന്നു അവർ.ഈ സാധാരണ ജനങ്ങൾ ഉന്നതരായ ജനങ്ങളുടെ കരുണയാൽ ജീവിച്ചു.അവർക്ക് വോട്ട് ചെയ്യാനുള്ള അവകാശമില്ലായിരുന്നു.റോമൻ സാമ്രാജ്യത്തിലെ സ്ഥിതി വ്യത്യസ്തമല്ല.

ഫ്രഞ്ച് വിപ്ളവത്തിന്റെ മുദ്രാവാക്യങ്ങൾ സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമായിരുന്നു എന്ന് നമുക്കറിയാം.എന്നാൽ സമത്വത്തിന്റെ ആദർശത്തിന് ധാരാളം പിന്തുണയും പ്രോത്സാഹനവുമുണ്ടായില്ല.ലിംഗ സമത്വം ഇപ്പോഴും പൂർണമായി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.നേരത്തെ, സ്ത്രീകൾക്ക് വോട്ട് ചെയ്യാൻ അവകാശമില്ലായിരുന്നു.ആ അവകാശം നേടിയെങ്കിലും, അനേകം മേഖലകളിൽ അസമത്വം നിലനിൽക്കുന്നു.

സമത്വം സോഷ്യലിസത്തിന്റെ അടിത്തറയാണ്.സോഷ്യലിസ്റ്റുകൾ ഭരിക്കപ്പെടുന്ന രാജ്യങ്ങളിൽ പോലും സാമ്പത്തിക സമത്വം ഒരു രോഷമാണ്.ജനങ്ങളുടെ സാമ്പത്തിക സ്ഥിതിയിൽ വലിയ അസമത്വമുണ്ട്.ശതകോടീശ്വരന്മാരും യാചകരും ഉണ്ട്. വിജയ് മല്യയും നിരവ് മോഡിയുമൊക്കെ ബാങ്കുകളിൽ നിന്ന് ആയിരക്കണക്കിന് കോടിക്കണക്കിന് രൂപ വായ്പയായി ലഭിക്കുന്നത് വളരെ ലളിതമാണ്, സാധാരണജനങ്ങൾക്ക് ധാരാളം ബുദ്ധിമുട്ടുകൾ ഉണ്ട്.മാത്രമല്ല, സ്വാധീനമുള്ള ആളുകൾക്ക് തങ്ങളുടെ സമ്പത്ത് മറ്റു രാജ്യങ്ങളിലേക്ക് കൊണ്ടുപോകുകയും വായ്പ തിരിച്ചടയ്ക്കാതെ അവിടെത്തന്നെ തീരുകയും ചെയ്യാം.

ജോർജ്ജ് ഓർവെൽ തന്റെ രാഷ്ട്രീയ ആക്ഷേപ ഹാസ്യ നോവലായ  'അനിമൽ ഫാം' ഇൽ

ഇങ്ങനെ പറഞ്ഞു: എല്ലാവരും തുല്യമാണ്, എന്നാൽ ചിലർ കൂടുതൽ തുല്യമാണ്.സ്വാധീനമുള്ള വി.എൻ.പിയാണെന്നതുകൊണ്ട് ജീവിതത്തിലെ ഓരോ നടപ്പാതയിലും അവർക്കു പ്രത്യേകം അനുമതിയുണ്ട്.

************************************************************

## മഴക്കണ്ണ്

ഇവിടെ
ഇനിയും മാനം കറുക്കും
മഴ പെയ്യും
വിരഹാർദ്രമായി
അവ



ആർക്കോവേണ്ടിതേങ്ങിക്കൊണ്ടിരിക്കും

എനിക്കും നിനക്കും
മനസിലാവാത്ത ഭാഷയിൽ.....

ഫായിസ്.

# സുഭദ്ര

ബസ് മലമുകളിലൂടെ ഇഴഞ്ഞു നീങ്ങി .ഒറ്റപ്പെട്ട ഓരോ വീടുകൾ ,വരണ്ടുണങ്ങിയ പ്രദേശം ,
അയാൾ ജനലിലൂടെ പുറത്തേക്ക് നോക്കിയിരുന്നു.തലയിൽ നിറയെ വിറകും ഒക്കത്തൊരു കുഞ്ഞുമായും റോഡരികിലൂടെ നടന്നുനീങ്ങിയ ആ സ്ത്രീ അൽപ സമയത്തേക്കു എല്ലാം മറന്നെന്നുകരുതിയ ആയാലുടമനസ്സ് വീണ്ടും അസ്സ്വസ്ഥമാക്കി

സുഭദ്ര -നാട്ടുകാരി അതിനേക്കാൾ ഉപരിയായി ഇളയസഹോദരി മിത്രയുടെ ക്രൂട്ടുകാരി അന്നൊന്നും ആനാട്ടിൽ കോളജ്ജിൽ പേടിച്ചിരുന്നവർ ആട്ടിക്കമുണ്ടായിരുന്നില്ലാ .അതാവാം അവളെ വർഷങ്ങൾക് ഷെശം  കണ്ടപ്പോൾ ഓർക്കാൻ കഴിഞ്ഞത്.ആശ്രിത നിയമനത്തിനുള്ള ആദ്യ കടലാസുമായി അവൾ സമീപിച്ചത് അയാളെ ആയിരുന്നു .എല്ലാ രേഖകളും ആവുന്ന അത്ര വെകത്തിൽ ശെരിയാക്കി കൊടുത്തു.  ഒടുവിൽ നിയമനം ലഭിച്ചതു അയാളുടെ സ്ഥാപനത്തിലും .

പുതിയ മേഖലയില അറിവില്ലായ്മയും സംശയങ്ങളും ജോലി പഠിക്കാനുള്ള അവളുടെ താല്പര്യവും അവരേ ഒരുപാട് അടുപ്പിച്ചു.ഇതിനിടയിൽ മറ്റ ജീവനക്കാരുടെ ഒളിക്കണ്ണുകൾ അവളെ വേട്ടയാടിയാട് അവളറിഞ്ഞില്ല .ഇടേയ്ക്കുള്ള ഓരോ മൂളലുകളും  'നടക്കട്ടെ

നടക്കട്ടെ ഞങ്ങളും ഇവിടെയുണ്ടേ..' അന്നുള്ള കത്തുവാക്കുകളും അവളെ ഒരുപാട് വേദനിപ്പിച്ചു. അതിനെല്ലാം ഹരിയുടെ പുഞ്ചിരി നിറഞ്ഞ മറുപടി കണ്ടപ്പോൾ അവൾക് ഡീഷ്യവും സങ്കടവും തോന്നി. അവളുടെ ആവശ്യപ്രകാരം ഓഫീസിനടുത്തുള്ള രണ്ടുമുറി വീടും അയാൾ ഏർപ്പാടാക്കി കൊടുത്തു .ഒരു തിങ്കളാഴ്ച അവൾ അയാളോട് പറഞ്ഞു

"സാർ നാട്ടിൽ മക്കളെ കൊണ്ട് വന്നിട്ടുണ്ട്. ഇളയവൾ ബാലവാടിയിൽ മൂക്തയാൽ അതിനടുത്തുള്ള സർക്കാർ സ്ക്രൂളിൽ 1 ആം ക്ലാസ്സിലും സ്ക്രൂൾ വിട്ടാൽ മോൾ ബാലവാടിയിൽ പോയിരിക്കും .അവിടെയുള്ള ടീച്ചർ അൽപ സമയം അവരെ നോക്കാം എന്ന് ഏറ്റിട്ടുണ്ട് .വൈകുന്നേരം അര മണിക്കൂർ നേരത്തെപോകാൻ അനുവദിച്ചാൽ വലിയ ഉപകാരമായിരുന്നു " മറുപടി പറഞ്ഞത് അടുത്ത സീറ്റിലായ വിനയായാണ് , "ഓ അതു പിന്നെ സുഭദ്രക്ക് അനുവാദമില്ലാതിരിക്കുമോ ,സാറിന്റയ് സ്വന്തമാളല്ലേ " തൊട്ടടുത്ത ദിവസം അയാൾ അവളെ അയാളുടെ ക്രൂടെ കോൺഫെറെൻസിന് പോകാൻ നിർബന്ധിച്ചു .സുഭദ്രക്ക് ഒട്ടും താല്പര്യമില്ലെങ്കിലും അയാളില്നിന്ന് ഇതുവരെ ഒരു പെരുമാറ്റ ദൂഷ്യവും അനുഭവപ്പെടാത്തതു കൊണ്ടും അയാളുടെ ക്രൂടെ അവളും പോയി തിരിച്ചു വന്നപ്പോൾ കേട്ട കുട്ടു വാക്കുകൾ അവളെ ആയത്തിൽ മുറിവേൽപ്പിച്ചു വീട്ടിൽ പോയി ഒരുപാട്കരഞ്ഞു , അന്നവൾ ഉറങ്ങിയില്ല . രാവിലെ വൈകി ഓഫീസിലേക്ക് ഓടുകയായിരുന്നു അവളുടെ അരികിൽ ഒരു കാർ വന്നു നിർദൂഷ്യവും അനുഭവപ്പെടാത്തതു കൊണ്ടും അയാളുടെ ക്രൂടെ അവളും പോയി തിരിച്ചു വന്നപ്പോൾ കേട്ട കുട്ടു വാക്കുകൾ അവളെ ആയത്തിൽ മുറിവേൽപ്പിച്ചു വീട്ടിൽ പോയി ഒരുപാട്കരഞ്ഞു , അന്നവൾ ഉറങ്ങിയില്ല . രാവിലെ വൈകി ഓഫീസിലേക്ക് ഓടുകയായിരുന്നു അവളുടെ അരികിൽ ഒരു കാർ വന്നു നിർത്തി ,അവൾ പിന് സീറ്റിൽ കയറി ഇരുന്നു. മുന്നിൽ ഹരിസാറിന്റെ ഭാര്യാ ആണെന്ന് മനസ്സിലായി . സാർ പറഞ്ഞു :

"ജിനു ഇത് സുഭദ്ര ".

"ഓ , സുഭദ്ര , കണ്ടിട്ട് ഒരു വീഡിയോയുടെ  ലുക്കൊന്നും  ഇല്ല
മനസ്സിൽ തോന്നിയ വിഷമം ഉള്ളിലൊതുക്കി ഒന്നും പറയാതെ
കാവലിരുന്നു.
തലവേദന തുടങ്ങിയിട്ട് കുറേദിവസങ്ങളായി മോളെയും കൂട്ടി അടുത്തുള്ള
ആശുപത്രിയിൽ ത്തി ,അവൾ പിന് സീറ്റിൽ കയറി ഇരുന്നു. മുന്നിൽ
ഹരിസാറിന്റെ ഭാര്യാ ആണെന്ന് മനസ്സിലായി . സാർ പറഞ്ഞു :
"ജിനു ഇത് സുഭദ്ര ".
"ഓ , സുഭദ്ര , കണ്ടിട്ട് ഒരു വീഡിയോയുടെ  ലുക്കൊന്നും  ഇല്ല
മനസ്സിൽ തോന്നിയ വിഷമം ഉള്ളിലൊതുക്കി ഒന്നും പറയാതെ
കാവലിരുന്നു.
തലവേദന തുടങ്ങിയിട്ട് കുറേദിവസങ്ങളായി മോളെയും കൂട്ടി അടുത്തുള്ള
ആശുപത്രിയിൽ പോയി.അപ്രത്യക്ഷമായി ഹരിയെ കണ്ടു.സംസാരിച്ചു
നിന്നപ്പോൾ അത് വഴി കടന്നു പോയ ഓഫീസിലെ ടൈപ്പിസ്റ്റിന്റെ കള്ള
ചിരിയും മൂളലും സുഭദ്രക്ക് ഒട്ടും ഇഷ്ടമായില്ല. അടുത്ത ദിവസം ഓഫീസിൽ
എത്തിയതും അയാളെ എതിരേറ്റവാക്കുകളും അവൾക്ക് സഹിക്കാൻ
കഴിയുന്നതിലും അപ്പുറത്തായിരുന്ന
"എന്തെല്ലാം മുന്‌കരുതലുക്കളുണ്ട് ,സുഭദ്ര ,ഒന്നു ശ്രദ്ധിക്കാമായിരുന്നില്ലേ
?"ഇടിവെട്ട്ഏറ്റതുപോലെ തോന്നി സുഭദ്രക്ക് എങ്കിലും അവൾ ധൈര്യം
സംഭരിച്ചു നിന്നു  അന്നാദ്യമായി ആ ഓഫീസിൽ അവളുടെ ശബ്ദം
ഉയർന്നു ."
"ഹരി സാറിനെ ഞാൻ ഒരു ദൈവമായി മാത്രമേ കണ്ടിട്ടുള്ളൂ, ആരോരും
സഹായത്തിനില്ലാത്ത എന്റെ ദൈവം "
പറഞ്ഞു തീരും മുമ്പേ പൊട്ടിക്കരണ്ഞു " ഏട്ടാ സ്റ്റോപ്പെത്തി മിത്ര
വിളിച്ചുഉണങ്ങി വരണ്ട മലമ്പ്രദേശത്തുകൂടി അവർ നടന്നു .
പറക്കല്ലുകളുടെ മുകളിലൂടെ കയറി ഒരു ചെറിയ ഓടിട്ട വീടിണ്ടെ
മുറ്റത്തെത്തി അധികമാരുംഅവിടെ ഉണ്ടായിരുന്നില്ല ചാണകം മെഴുകിയ
കോലായിയുടെ അറ്റത്ത് ഇരുന്ന് മെലിഞ്ഞുണങ്ങിയ ആ മനുഷ്യൻ
നിർത്താതെ ചുമക്കുന്നുണ്ടായിരുന്നു മിത്ര അയാളുടെ അടുത്ത് ചെന്നു.

എട്ടാ സുഭദ്രയുടെ അച്ഛൻ അയാൾ ഒന്നും പറഞ്ഞില്ല .പിന്നെ അവൾ അകത്തേക്ക് കയറി , ഒപ്പം ഹരിയും കോലായിൽ കണ്ട മനുഷ്യന്റെ സ്ത്രീ രൂപം നിലത്തു വിരിച്ച പായയിൽ ചുമരും ചാരി ഇരിക്കുന്നുണ്ടായിരുന്നു .അവരെകണ്ടതും ആ 'അമ്മ പൊട്ടിക്കരഞ്ഞു സാറിനെങ്കിലും അറിയോ എന്റെ മോൾ എന്തിനാ ഇത് ചെയ്തതെന്ന് ?" ആ വാക്കുകൾക്ക് മുമ്പിൽ അയാൾ പകച്ചു നിന്നു . സാവധാനം മുറിക്ക് പുറത്തിറങ്ങി മുറ്റത്ത്ചളി പുരണ്ട കയ്യും നരച്ച ഉടുപ്പും പാറിപ്പറന്ന മുടിയുമായി നിന്ന പെൺകുട്ടിയുടെ മിത്ര ചോദിച്ചു.

"സുഭദ്രയുടെ മൂത്ത മോളാണോ ?"

" ഓ"

"എന്താ പേര്?"

"മീനാക്ഷി "

പിന്നെ അയാൾ അവിടെ നിന്നില്ല . മിത്രയും അയാളുടെ പിന്നാലെ നടന്നു." എന്നാലും എന്തിനാ സുഭദ്ര ഇങ്ങനെ ചെയ്തത് ?ഒന്നുമില്ലെങ്കിൽ അവൾക്ക് ആ രണ്ട് കുട്ടികളെ ഓർക്കമായിരുന്നില്ലേ ,അതും രണ്ട് പെൺകുട്ടികൾ "മിത്ര എന്ടോക്കെയോ പറയുന്നുണ്ടായിരുന്നു . അയാളുടെ ഹൃദയമിടിപ്പ് വർധിച്ചു അപ്പോഴും അയാളുടെ മനസ്സ് മന്ത്രിക്കുന്നുണ്ടായിരുന്നു

"ഒരിക്കലെങ്കിലും  സഹപ്രവർത്തകരുടെ  വാക്കിനെ എതിർത്തിരുന്നുവെങ്കിൽ................ "

സന്ധ്യ..

# ഉമ്മ

*എന്റെ നല്ല ഉമ്മ*
*രാവിലെ എഴുന്നെല്പിക്കും പല്ലു  തേപ്പിക്കും*
*ഭക്ഷണം തരും എന്റെ ഉമ്മ*
*എന്നെ സംസാരിക്കാൻ പഠിപ്പിച്ചത്*
*എന്റെ ഉമ്മ*
*എന്നെ നടക്കാൻ പഠിപ്പിച്ചത്*
*എന്റെ ഉമ്മ*
*എനിക്ക് ഭക്ഷണം വാരി തരും എന്റെ ഉമ്മ*

*മുഹമ്മദ് റാഫി ടി .എം*

## <u>എലി പറയുന്നത്</u>

കെണിതന്നെ
യെന്നറിയാം
പണിനിന്റെ
തെന്നറിയാം.
 പക്ഷേ ,വിശപ്പിനേക്കാളും
വലുതല്ലല്ലൊ  മരണം
ഫായിസ്



<u>മുഹമ്മദ് റാഫി ടി .എം</u>

# Beat plastic pollution:

## World Environment
## The contemporary relevance .

ABHAY ASHOK,
ABHIRAM,ABHINAV.9 STD I

In our day to day life, , the influence of plastic is increasing. The over use of plastic damages our natural beauty. .We know that the most dangerous pollution is plastic Pollution.

By buying of plastics,plastic Particles combine with air as the human being breath the air it affect our internal part of our body. It will affect the future generation.we shoud reduce the use of plastic completely or plastic must be composed properly.

To protect our natural resources and the human

being, several measures are to be taken on the basis of beat plastic pollution . In all shops the use of plastics covers are restricted . The use of plastic ball is banned to protect us. we want to join with hand in hand and need to defeat it completely .

The special thing that each person needs to know we are betraying ourself . By using Plastic we are killing ourself and up coming generation. The food item that are packed in plastic are dangerous .It leads to many diseases and kill us . By burning it we also create a new pollution called air pollution . So we don't use it.

The world has been discussing about the matter and some of the nations took remedial measures and avoided plastics completely . we can hope for a better world to protect our new generation by avoiding this dangerous plastic substances.

# കുസൃതി കുരങ്ങൻ




അപ്പു കുസൃതി ആയ ഒരു കുരങ്ങൻ ആയിരുന്നു .കുസൃതി അതിരുകടക്കുമ്പോളൊക്കെ അവൻ എന്തെങ്കിലും ഒക്കെ പ്രശ്നങ്ങളിൽ ചെന്നു ചാടുമായിരുന്നു .

ഒരിക്കൽ അപ്പുവും കൂട്ടുകാരും കറങ്ങി തിരിഞ്ഞ്അടുത്തുള്ള ഗ്രാമത്തിലെത്തി. ഒരു കൂട്ടം മരപ്പണിക്കർ ,മരത്തടികൾ അറുത്തു മുറിക്കുന്ന ജോലിക്കാർ ജോലിയിൽ ഏർപ്പെട്ടിരുന്നു.
അവർ കണ്ടു .വലിയ മരത്തടികൾ പോലും അവർ അനായാസം അറുത്തുമാറ്റുന്നതു കണ്ട അപ്പുവിന് അത്ഭുതം അടക്കാനായില്ല അവൻ സസൂക്ഷ്മം അവരുടെ ജോലി നോക്കികൊണ്ടിരുന്നു .
ഒരു വലിയ മരത്തടി മുറിക്കുന്നതിനായി ഉണ്ടാക്കിയ വിടവിൽ പണിക്കാരിലൊരാൾ ഒരു ആപ്പ്കുത്തിക്കയറ്റുന്നത് അപ്പു കണ്ടു.പെട്ടന്നാണ് ഭക്ഷണസമയം അറിയിക്കുന്നമണി മുഴങ്ങിയത്.പണിക്കാർ ജോലിമാറ്റിവച്ചു.ഭക്ഷണംകഴിക്കുന്നതിനായി പോയി.
അപ്പു ആപ്പ് തിരുകി വച്ചിരുന്ന മരത്തടിക്കരികിൽ ഓടിയെത്തി.അവന് ആകാംക്ഷ അടക്കുവാനായില്ല.മരത്തടിയുടെ വിടവിൽ കൈകടത്തി അവൻ രണ്ട് വശങ്ങളിലേക്കും വലിച്ചുനോക്കി.ഒന്നും സംഭവിച്ചില്ല.അത് കൊണ്ട് ഇടയ്ക്ക് വെച്ചിരുന്ന ആപ്പ് വലിച്ചൂരുവാൻ അവൻ തീരുമാനിച്ചു. ആകാംക്ഷക്കിടയിൽ അവന്റെ വാല് തടിയുടെ വിടവിൽ കുടുങ്ങിയിരിക്കുന്നത് അവന്റെ ശ്രദ്ധയിൽ പെട്ടില്ല.ആപ്പ് വലിച്ചൂരിയതും തടിയുടെ വിടവ് ചേർന്നടഞ്ഞു അവന്റെ വാല് വിടവിൽ കുടുങ്ങിപ്പോയി .അവൻ എത്രയൊക്കെ ശ്രമിച്ചിട്ടും അവന്റെ വലിച്ചൂരാൻ ആയില്ല.അവസാനം അപ്പു മാത്രം രക്ഷപെട്ടു അവന്റെ വാൽ മുറിഞ്ഞു പോയി
ആ തടിയുടെ വിടവിൽ കുടുങ്ങിപ്പോയി അങ്ങനെ അപ്പു ഒരു വാലില്ലാത്ത ഒരു കുരങ്ങാനായി മാറി.

# അമ്മയുടെ സ്നേഹം



അത് ഒരു ശാന്തമായ തടാകമായിരുന്നു.തടകക്കരയിലും ചുറ്റിനുമുള്ള മരങ്ങളിലുമായി അനേകം പക്ഷികൾ വസിച്ചിരുന്ന അക്കൂട്ടത്തിൽ താറാവുകളുടെ ഒരു കുടുംബം ഉണ്ടായിരുന്നു.അമ്മത്താറാവ് നീന്തുവാനും ഭക്ഷണം തേടുവാനും കുഞ്ഞുങ്ങളെ പഠിപ്പിച്ചു തുടങ്ങി. എങ്ങും സന്തോഷം നിറഞ്ഞു നിന്നു.

അമ്മത്താറാവും കുഞ്ഞുങ്ങളും തടാകത്തിൽ നീന്തിതുടിച്ചു തടാക കരയിൽ ഉല്ലസിച്ചു നടന്നു പൊന്നു.ജീവിതം എല്ലാ അർത്ഥത്തിലും അവർ ആസ്വദിച്ചു കൊണ്ടിരുന്നു.

ഒരു ദിവസം 'അമ്മ താറാവ് സൂത്രശാലിയായ ഒരു കുറുക്കൻ അവിടെയൊക്കെ കറങ്ങി നടക്കുന്നത് കണ്ടു അതിവേഗം മക്കളുടെ അടുത്ത് ഓടിയെത്തിയ അവൾ പറഞ്ഞു,''കുഞ്ഞുങ്ങളെ ഇവിടെ ഒരു കുറുക്കൻ കറങ്ങി നടക്കുന്നുണ്ട് തടാകത്തിൽ നിന്ന് പുറത്തുവരുമ്പോൾ സൂക്ഷിക്കണം.ആ കുറുക്കൻ നിങ്ങളെ ഉപദ്രവിച്ചേക്കും മക്കളെല്ലാവരും ഒരേസ്വരത്തിൽ പറഞ്ഞു,''

ഞങ്ങൾ നോക്കിക്കൊള്ളാം അമ്മേ,''അപകടകാരിയായ കുറുക്കനിൽ നിന്നു മക്കളെ കാത്തുസൂക്ഷിക്കുന്നതിനായ് അമ്മ താറാവ്എപ്പോഴും സൂക്ഷിച്ചു കൊണ്ട് പോവും   അടുത്ത ദിവസം അമ്മ താറാവ് കണ്ടത് തന്റെ മക്കൾക്ക് തൊട്ടരികിൽ പതുങ്ങി ഇരിക്കുന്ന കുറുക്കനയാണ്.അവൾ മക്കളെ വിളിച്ച് ഉറക്കെ പറഞ്ഞു,''വെള്ളത്തിലേക് എടുത്തു ചാടുക,കുഞ്ഞുങ്ങളെ,കുറുക്കൻ നിങ്ങളുടെ തൊട്ടരികിൽ പതുങ്ങിയിരുപ്പുണ്ട്.''അവൾ കുറുക്കന്റെ അരികിലേക്ക് ഓടി.തന്റെ അരിക്കിലേക്ക് വരുന്ന താറാവിനെ കണ്ട് കിട്ടാൻ പോകുന്ന താറാവിന്റെ ഇറച്ചി ഓർത്തു അവൻ സന്തോഷിച്ചു. അവൾ അടുത്തേക്ക് വരുന്നതിനായി അവൻ കാത്തുനിന്നു   കുറുക്കന്റെ അരികിലേക്ക് പകുതി ദൂരംഎത്തിയ 'അമ്മത്താറാവ് തിരിഞ്ഞുനോക്കി .മക്കളെ

എല്ലാം വെള്ളത്തിലേക്ക് ചിറകടിച്ചു ചാടുന്നത് അവൾകണ്ടു .മുറിവേറ്റ ദായി ദാവിച്ചു.പിന്നീടവൾ മുടന്തുവാൻ തുടങ്ങി .ഇതാണ്തക്കസമയംഎന്ന് വിചാരിച്ച്കൊണ്ട്  കുറുക്കൻ അവളുടെ മേൽ ചാടിവീണു.അവസാന നിമിഷം വരെ കാത്തിരുന്ന അവൾ തന്റെ എല്ലാംശക്തിയും സംഭരിച്ചു വെള്ളത്തിലേക്കു ചാടി.കുറുക്കന് പിടി കിട്ടിയില്ല.അമ്മത്താറാവും മക്കളും വെള്ളത്തിൽ നീന്തി തുടിക്കുന്നത് കുറുക്കൻ കണ്ടു.വിഷന്ന്  കൊണ്ട് അവൻ മറ്റൊരു സ്ഥലത്തേക്കു അകന്നു പോയി.  (കടപ്പാട്)

# രാക്കുയിൽ

അഞ്ജലി രാജ് 9 എച്ച്

പാടുന്നു നീയിന്നു..... ആ മോഹഗാനങ്ങൾ
നിലാവുള്ള രാത്രിയിൽ നനഞ്ഞൊരാരാചില്ലയിൽ
നിന്ന് വിറയ്ക്കമീ, ആർദ്ര സുതാര്യമാമിലാകൽ പോലെ
പാടുന്നു നീയെന്നിൽ ആത്മരാഗങ്ങളോരോന്നും
അതിൻ പാതി പടവുകൾ എങ്ങോ മുറിഞ്ഞുപോയോ
കാത്തിരിക്കയാണ് ഞാൻ നിൻ രാഗങ്ങളിന്നോരോന്നിനും
ഈണം നല്കുമാണ് നീവരില്ലയോ, സഖീ ....
ശീലുകൾ മുറിഞ്ഞ നിൻ രാഗങ്ങൾക്കായി ഞാൻ
കാതോർത്തിരിക്കട്ടെയോ.... ആ സുരഭില നിമിഷത്തിനായി

***************************************

# മലയാളത്തിൻെ ഭംഗി

അമ്മമലയാളം -എത്ര പറഞ്ഞാലും മതിവരാത്ത താളഭംഗിയുള്ള വാക്കുകൾ ! അമ്മയുടെ താരത്തിനൊപ്പം 'അമ്മ എന്ന വാക്ക് പഠിപ്പിച്ച ഭാഷ, ചിരിക്കാനും ചിന്തിക്കാനും നമ്മെ പഠിപ്പിച്ച ഭാഷ, നമ്മുടെ സ്വപ്നങ്ങളെയും ഭാവനകളെയും പൂവണിയിച്ച ഭാഷ,ഇണങ്ങാനും പിണങ്ങാനും ചുണ്ടത്തുന്നിരുന്ന ചൂണ്ടിത്തന്നെ ഭാഷ -അതാണ് നമ്മുടെ മലയാളം

"എന്നുടെ ഭാഷ താനെൻ തറവാട്ടമ്മ-
അന്യയാം ഭാഷ വിരുന്നുകാരി " - ദേശാഭിമാനപരമായും ഭാഷാഭിമാനപരമായും കേരളത്തിന് അനവധി സാഹിത്യകൃതികൾ സമ്മാനിച്ച വള്ളത്തോളിന്റെ വരികൾ എന്തുകൊണ്ടും ഈയവസരത്തിൽ വിചിന്തനം ചെയ്യേണ്ടതുണ്ട് .

എന്നാൽ ഇന്നത്തെ അവസ്ഥ ഏതൊരു ഭാഷാസ്നേഹിയെയും തകർക്കുന്നതാണ്. സ്വന്തം പെറ്റമ്മയെ വൃദ്ധസദനത്തിൽ കൊണ്ടുതള്ളുന്ന മലയാളിമക്കൾക്ക് മലയാളം അന്യംനിന്നു പോകുന്നതിൽ എന്തദ്ഭുതമാണുള്ളത് ? പിറന്ന മണ്ണിനും പെറ്റമ്മയ്ക്കും നൽകുന്ന പ്രാധാന്യം മാതൃഭാഷയ്ക്കും വേണ്ടേ ? തുഞ്ചന്റെ കിളി കൊഞ്ചിയ മലയാളം, വഞ്ചിപ്പാട്ടിന്റെ മലയാളം, മധുവൂറും മലയാളം, മലർ വിരിയും മലയാളം ,മണ്ണിൻ ഗന്ധം മലയാളം, വിണ്ണിൻ നീലിമ മലയാളം ..............

എന്നിട്ടും നാമെന്തേ മലയാളത്തെ അവഗണിക്കുന്നു?

"ഇനിക്കും മുൻപിൻ മകനഇൻഗ്ലീഷ് ചൊല്ലുവാൻ
ഭാര്യതൻ പേരന്ഗ്ലിൻഗ്ലണ്ടിലാക്കി ഞാൻ" -എന്ന് പറഞ്ഞു നമ്മുടെ പ്രിയകവി കുഞ്ഞുണ്ണി മാഷ് കളിയാക്കിയത് മലയാളിയുടെ പൊങ്ങച്ചങ്ങളെയാണ് . ഞാൻ ഒരു മലയാളിയാണെന്ന് ചങ്കുറപ്പോടെ പറയാൻ

കഴിയുന്ന എത്ര പേരുണ്ട് നമുക്കിടയിൽ? നാം അമ്മമലയാളത്തെ 'മമ്മിമാലയാളത്തിനു' വിറ്റുവോ ? പ്രശസ്ത കവി കുരീപ്പുഴ ശ്രീകുമാറിന്റെ വരികൾ ഈയവസരത്തിൽ ഏറെ പ്രസക്തമാണ് ;"ഓമനത്തിങ്കൾക്കിടാവ് ചോദിക്കുന്നു

ഓണമലയാളത്തെ എന്ത് ചെയ്തു?

ഓമൽമലയാളത്തെ എന്തുചെയ്തു?" - ഇല്ല ,നമുക്കുത്തരമില്ല, കാരണം രക്ഷിക്കേണ്ട കരങ്ങൾ തന്നെയല്ലേ മലയാളത്തെ ശിക്ഷിക്കുന്നത് ? തമിഴന് തമിഴും കന്നഡിഗന് കന്നഡയും പ്രിയപ്പെട്ടതാകുമ്പോൾ മലയാളിക്ക് മലയാളം 'അറിയില്ല' . എന്തൊരു അതിശയോക്തി! മലയാളിയും മലയാളവും കടന്നുചെല്ലാത്ത ഒരു സ്ഥലവും ഈ ഭൂമിയിലില്ല . മലയാളത്തിലൂടെ നാം മൊഴിഞ്ഞ മണിമുത്തുകളാണ് വിദേശികളെപ്പോലും ഇങ്ങോട്ടേക്കു ആകർഷിച്ചത് . ആർഷഭാരത സംസ്കാരത്തിന് കേരളത്തനിമ വിളമ്പിക്കൊടുത്ത ഭാഷയാണ് മലയാളം . ഇന്ന് രക്ഷിതാക്കൾ എന്റെ മകൻ ഇംഗ്ലീഷ് മീഡിയത്തിലാണെന്നു അന്തസ്സോടെ പറയുമ്പോൾ മകൻ മലയാളം മീഡിയത്തിലാണെന്നു പതിഞ്ഞ സ്വരത്തിലല്ലേ പറയുന്നത്? എന്നാൽ സ്നേഹം,കാരുണ്യം,സഹിഷ്ണുത തുടങ്ങിയ ഗുണങ്ങൾ നെഞ്ചിലേറ്റാൻ മലയാളത്തിലൂടെ തന്നെ പഠിക്കണം. കേവലം ൮0 ലക്ഷം പേർ സംസാരിക്കുന്ന സ്വീഡിഷ് ഭാഷക്കും ൧00 ലക്ഷം പേർ സംസാരിക്കുന്ന ഗ്രീക്ക് ഭാഷക്കും ലോകത്തിൽ വലിയ സ്ഥാനം നൽകുമ്പോൾ ൩ കോടിയിൽ അധികം ഉള്ള മലയാളികൾ മാതൃഭാഷയോടു കാണിക്കുന്നത് ലോകത്തു മറ്റൊരു ജനതയും കാണിക്കാത്ത അനാസ്ഥയാണ് . ഇങ്ങനെ തുടർന്നാൽ കാവ്യചക്രവർത്തിമാരായ വള്ളത്തോളും ഇടശ്ശേരിയും ഓ എൻ വിയും പി കുന്ഹിരമാണ് നായരുമെല്ലാം ആധുനികമലയാളിയുടെ മിഥ്യാഭിമാനത്തെ വ്കഗദകൊണ്ട് അടിച്ചുവീഴ്ത്താൻ പുനർജനിക്കും .

ഇങ്ങനെയെല്ലാമാണെങ്കിലും നമുക്കിന്നു ആശ്വസിക്കാൻ വകയുണ്ട് . യുനെസ്കോയുടെ ശ്രേഷ്ഠഭാഷാ പട്ടികയിൽ മലയാളത്തിന് ൧ന്നാം സ്ഥാനമുണ്ട് . ൨0൧൩ മെയ് ൨൩ന് മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചു . ഇനിയുള്ള കാലത്തേക്കെങ്കിലും നമ്മുടെ ഭാഷാപിതാവായ തുഞ്ചത്തു എഴുത്തച്ഛൻ കൈപിടിച്ച് പിച്ചവെപ്പിച്ച അമ്മമലയാളത്തെ , കുഞ്ചൻ നമ്പ്യാർ ഫലിതതൈലം പുരട്ടിയ നന്മമലയാളത്തെ, ഇരയിമ്മൻ തമ്പി താരാട്ടു പാടിയുറക്കിയ സ്നേഹമലയാളത്തെ നമുക്ക് അതിന്റെ എല്ലാ വിശുദ്ധിയുടെയും കാത്തുസൂക്ഷിക്കാം.......

# ഇല പൊഴിയുമ്പോൾ

മായ വത്സൻ 9 എച്ച്

എന്റെ ഓർമ്മയിൽ നിറയുമാ...
ഇലകളും പൂക്കളും
കൊഴിയുന്നിതാ എന്നേക്കുമായി
ഒരു ശിഷിരം നിറയ്ക്കുമാ..
രാവുകൾ തഴുകി തളരവേ... ഇലകളെ
ഇലതൻ ജീവൻ നുകരുന്ന കാറ്റുകൾ
എന്തിനീ ഇലകളെ ഓർമ്മതൻ
ഹൃദയത്തിൽ നിന്നും
പറിച്ചെറിയുന്നു
കൊഴിയുമാ വേളയിൽ
ഇലയുടെ നൊമ്പരം ആരറിയും
ഇലയുടെ ജീവൻ നിലയ്ക്കുന്നിതാ...
പാരിൽ

# മൗനത്തിന്റെ കളത്തിൽ

ഇന്ത്യൻ മാധ്യമ ലോകം നിശബ്ദമാക്കപെടുകയാണ് .വിയോജിപ്പുകളുംപ്രതിപക്ഷശബ്ദങ്ങളുംഇല്ലാതാക്കപെട്ടു കൊണ്ടിരിക്കുന്നു.ഭയവുംമൗനവുംമാധ്യമലോകത്ത്നിറയുന്നു. ഭരണക്രൂടത്തിന്ഇഷ്ട്ടമുള്ളത്മാത്രംപറയൽഎന്നതിലേക്ക് മാധ്യമങ്ങൾഒതുങ്ങി കൊടുക്കുന്നു .മാധ്യമങ്ങളെ നിയന്ത്രിക്കുന്നവർ മനുഷ്യമനസ്സുകളെനിയന്ത്രിക്കുന്നവരാണെന്ന ജിം മോറിസണ്ണിന്റെ അഭിപ്രായംഇന്ത്യൻസാഹചര്യത്തിൽക്രൂടുതൽശരിയായി വരുകയാണ്.മാധ്യമങ്ങളെനിയന്ത്രിക്കുമ്പോൾ മനുഷ്യമനസ്സുകളിലേക്ക് ഭയം കയറിക്കൂടുന്നു.

ഭയമാണ്ഒരുസമൂഹത്തെപതിയെപതിയെപൂർണ്ണ മൗനത്തിലേക്ക് നയിക്കുന്നത്.അത് ഒരു ജനതയുടെ ആന്തരിക മരണത്തെയും പ്രതിനിധാനം ചെയ്യുന്നുണ്ട്

ഇതിനെ മറികടക്കാൻ ശ്രമിക്കുന്ന മാധ്യമങ്ങളും മാധ്യമ പ്രവർത്തകരും പൂർണ്ണ മായും ഇല്ലാതായിട്ടില്ല. അവരുടെ മാധ്യമ പോരാട്ടങ്ങൾ പല നിലയിൽ സങ്കീർണതകളിലേക്ക്നായിക്കപ്പെടുന്നുണ്ടെങ്കിൽഅതിജീവിക്കാനുള്ളശ്രമങ്ങളുംനടക്കുന്നുഎന്നത്ആശ്വാസകരമാണ്.ഓൺലൈൻ -സോഷ്യൽ മീഡിയ ഇടപെടലുകൾ പോലും നിയന്ത്റിക്കാനുള്ള പലവിധശ്രമങ്ങളുംനടക്കുന്നു.മാധ്യമങ്ങൾ നിശബ്തമാക്കപ്പെടുന്ന രാജ്യങ്ങളാണ് പിന്നീട് ചരിത്രത്തിൽ പ്രേതാലയങ്ങളായതെന്ന് രാജ്യത്തെമുൻ നിര മാധ്യമ പ്രവർത്തകർ നമ്മെ ഓർമിപ്പിക്കുന്നത്

**********************************************

# ഓർമ്മതൻ മർമ്മരം

നന്ദന കെ

കാർത്തിക രാവതിൽ
പോകുമാ പൊയ്കകൾ
കാറ്റാലെ എന്നിൽ തഴുകി നിൽക്കെ
തേനായി കുതിരുമാ .....
മധുരമാം പ്റാവുകൾ
സുവർണമാം ചിറകുകൾ
മെല്ലെവീശി ....
വിണ്ണിലേ തൊട്ടിലിൽ
ആടുമാ മേഘങ്ങൾ
മഴയായി മണ്ണിൽ വന്നലിഞ്ഞു.
ഓർമ്മതൻ മർമരം
അറിയുവാൻ കിളികളിൽ
തേൻ നിറയ്ക്കും
കവിതയുണ്ടോ....

# ആടിനെ പട്ടിയാക്കിയ കഥ

*ഒരു ആടിന്റെ ഉടമസ്ഥൻ ആടിനെ വിൽക്കാൻ പോകുകയായിരുന്നു. അപ്പോൾ അതുവഴി വന്ന രണ്ട് പേർ അയാളെ പറ്റിക്കാമെന്ന് കരുതി.*
*അവർ ചോദിച്ചു ഉടമസ്ഥനോട് ഈ പട്ടിയേയുംകൊണ്ട് എവിടെ പോവുകയാണ്. അപ്പോൾ ഇതൊന്നും കേൾക്കാതെ ഉടമസ്ഥൻ അതുവഴി നടന്നു പൊയി .*
*പിന്നെ അതുവഴി വന്ന മറ്റൊരാൾ ചോദിച്ചു ഈ പട്ടിയെ വിൽക്കാൻ പോവുകയാണോ. അങ്ങനെ അയാൾക് സംശയം തോന്നി ഒരുതവണ ആടിനെ നോക്കി .*
*ഇത് ആടാണെന്ന് അയാൾ ഉറപ്പിച്ചു പറഞ്ഞു. അയാൾ വീണ്ടും നടന്നു. പിന്നെ അതാ മറ്റൊരാൾ ചോദിച്ചു പട്ടിയെ വിൽക്കാൻ പോവുകയാണോ. അങ്ങനെ അയാൾ പോകുന്നവഴി ആടിനെ ഒന്ന് നോക്കി. അങ്ങനെ അയാൾ തന്റെ കഴിലുള്ളത് പേടിയാണെന്ന് കരുതി അതിനെ ഉപേക്ഷിച്ചു. അയാൾ തിരിച്ചു പോയി കള്ളന്മാർ ആ ആടിനെ കൊണ്ടുപോയി വിറ്റു .*

*( ഈ കഥയുടെ പൊരുളെന്നാൽ " മറ്റുള്ളവരെ കണ്ണുമടച്ചു വിശ്വസിക്കാൻ പാടില്ല ")*

*മുഹമ്മദ് സിനു നഹാസ്*

***9 .L***

# ഓർമപ്പെയ്ത്ത്



ജാലകത്തിനപ്പുറം
മഴ

നിറഞ്ഞു പെയ്യുന്നു

ഉദാസീനയായി

മഴകാഴ്ചകളോടവൾ
മുഖം തിരിക്കുന്നു.....
മണ്ണടരുകളിൽനിന്നും
പൊട്ടിമുളക്കുന്ന
പുൽനാമ്പുകൾ പോലെ
ഓർമകളും

മഴയിൽ തളിർക്കുമെന്നോർത്ത്
പരിഭ്രാന്തയാവുന്നു .
എന്നിട്ടും ഒടുക്കം
മഴപ്പെയ്ത്തിലവൾ
വഴിതെറ്റിയലയുകയായി
മഴത്തുള്ളികളിൽ
സ്മൃതിമുത്തുകൾ

തിരയുകയായി

ഓർമ്മകൾ
അങ്ങുദൂരെ
താഴ്വരകളിൽ
നേർത്ത ,വളരെ നേർത്ത
മഞ്ഞുകണങ്ങളായി
ഒഴുകിപ്പരക്കുന്നു .....
ക്യാൻവാസിലപ്പോൾ
വാന്ഗോഗിന്റെ
സൂര്യകാന്തിപ്പാടം
പൂത്തുലഞ്ഞു ചിരിക്കുന്നു
മഴകനക്കുന്നു
ഇരുൾ പടരുന്നു
ഓർമപെട്ടിയിൽ
നനഞ്ഞുകുതിർന്ന്
സ്വപ്നാടകയായി
മുകിലുകൾക്കൊപ്പമവൾ
പാറി നടക്കുന്നു

പൊടുന്നനെയാണ്
ഓർമകളുടെ
ഒരുക്കൻ മഴ
ഇരമ്പിയാർന്ന
മഴപ്പക്ഷികളായി
മുറി നിറഞ്ഞത്
അവൾക്ക് ചുറ്റുമവ
വട്ടമിട്ടുപറന്ന്
കലമ്പൽ കൂട്ടിയത്
ആത്മാവ് കൊത്തിയെടുത്ത്

അതിരുകളില്ല
നീലാകാശത്തിലേക്ക്
പറക്കുന്നത്

ഏത് ചില്ലയിലാവും
നനഞ്ഞുകുതിർന്ന
ആത്മാവുമായി
ആ മഴപ്പക്ഷികൾ
ചേക്കേറിയിരിക്കുക .......

സലീന(അധ്യാപിക)
G.H.S.S.KUTTYADI

# പുഴയുടെ തേങ്ങൽ

*തൻ വിധിയിൽ മനംനൊന്തിത ....*
*പുഴ പാടുന്നു ......*
*മാനസത്തിൽ വിറയാർന്നുനില്ക്കും*
*ഓർമകളിൽ പൂത്തുനിൽകും*
*മാടുമയമാം കവിതയിൽ ചേർകുന്നിതാ ...*
*പുഴ ചേർകുന്നിതാ .......*
*കരയോലിലും പുഴ പോലെ*
*ഇല പുഴയിൽ ഒഴുകും വിധിയായി ...*
*കരയിൽ നിന്നും വേർപെട്ടുപോൽ നീ ......*
*ദിശമാറി ഒഴുകും പുഴതൻ  മർമ്മരം*

*മുഹമ്മദ് ഫായിസ്*

# തുടിതാളം

മഞ്ഞുതുള്ളി പോൽ നീ
എൻ കുഞ്ഞിളം കാറ്റേ
എൻ കുഞ്ഞു പൂവിൽ നീ
ഒരു കുഞ്ഞിതൾ പോലെ
എൻ കാതലിൻ ഈണം നീയേ
എൻ ഹൃത്തിൻ രാഗം നീയേ ....

നന്ദന

# താളമർമ്മരം

നന്ദന കെ

താളമായി  ഒഴുകമീ ....
രാഗത്തിൻ നീർച്ചോലയിൽ
കോകിലങ്ങൾ ക്രുകുന്ന ഗീതവുമായ്
കേട്ടു... ഞാനാ... സപ്തസ്വരങ്ങളെ
പാരിന്റെ  ഗീതത്തിൽ
പാടുന്ന മക്കൾ തൻ
സ്വരമായി തീരുമാ ഗീതങ്ങളും...

# ശ്രേഷ്ഠ മലയാളം



നന്ദിത വി 9 എച്ച്

അമ്മമലയാളം -എത്ര പറഞ്ഞാലും മതിവരാത്ത താളഭംഗിയുള്ള വാക്കുകൾ ! അമ്മയുടെ താരത്തിനൊപ്പം 'അമ്മ എന്ന വാക്ക് പഠിപ്പിച്ച ഭാഷ, ചിരിക്കാനും ചിന്തിക്കാനും നമ്മെ പഠിപ്പിച്ച ഭാഷ, നമ്മുടെ സ്വപ്നങ്ങളെയും ഭാവനകളെയും പൂവണിയിച്ച ഭാഷ,ഇണങ്ങാനും പിണങ്ങാനും ചുണ്ടത്തുന്നിരുന്ന ചൂണ്ടിത്തന്നെ ഭാഷ -അതാണ് നമ്മുടെ മലയാളം

"എന്നുടെ ഭാഷ താനെൻ തറവാട്ടമ്മ-

അന്യയാം ഭാഷ വിരുന്നുകാരി " - ദേശാഭിമാനപരമായും ഭാഷാഭിമാനപരമായും കേരളത്തിന് അനവധി സാഹിത്യകൃതികൾ സമ്മാനിച്ച വള്ളത്തോളിന്റെ വരികൾ എന്തുകൊണ്ടും ഈയവസരത്തിൽ വിചിന്തനം ചെയ്യേണ്ടതുണ്ട് .

എന്നാൽ ഇന്നത്തെ അവസ്ഥ ഏതൊരു ഭാഷാസ്നേഹിയെയും തകർക്കുന്നതാണ്. സ്വന്തം പെറ്റമ്മയെ വൃദ്ധസദനത്തിൽ കൊണ്ടുതള്ളുന്ന മലയാളിമക്കൾക്ക് മലയാളം അന്യംനിന്നു പോകുന്നതിൽ എന്തദ്ഭുതമാണുള്ളത് ? പിറന്ന മണ്ണിനും പെറ്റമ്മയ്ക്കും നൽകുന്ന പ്രാധാന്യം മാതൃഭാഷയ്ക്കും വേണ്ടേ ? തുഞ്ചന്റെ കിളി കൊഞ്ചിയ മലയാളം, വഞ്ചിപ്പാട്ടിന്റെ മലയാളം, മധുവൂറും മലയാളം, മലർ വിരിയും മലയാളം ,മണ്ണിൻ ഗന്ധം മലയാളം, വിണ്ണിൻ നീലിമ മലയാളം ..............

എന്നിട്ടും നാമെന്തേ മലയാളത്തെ അവഗണിക്കുന്നു?

"ജനിക്കും മുന്‍പേ ഞാൻ മകനിംഗ്ലീഷ് ചൊല്ലുവാൻ

ഭാര്യതൻ പേറിങ്ങിംഗ്ലണ്ടിലാക്കി ഞാൻ " -എന്ന് പറഞ്ഞു നമ്മുടെ പ്രിയകവി കുഞ്ഞുണ്ണി മാഷ് കളിയാക്കിയത് മലയാളിയുടെ പൊങ്ങച്ചങ്ങളെയാണ് .

**കന്നിക്കുരുമണി**

ഞാൻ ഒരു മലയാളിയാണെന്ന് ചങ്കുറപ്പോടെ പറയാൻ കഴിയുന്ന എത്ര പേരുണ്ട് നമുക്കിടയിൽ? നാം അമ്മമലയാളത്തെ 'മമ്മിമാലയാളത്തിന' വിറ്റുവോ ? പ്രശസ്ത കവി കുരീപ്പുഴ ശ്രീകുമാറിന്റെ വരികൾ ഈയവസരത്തിൽ ഏറെ പ്രസക്തമാണ് ;"ഓമനത്തിങ്കൾക്കിടാവ് ചോദിക്കുന്നു

ഓണമലയാളത്തെ എന്ത് ചെയ്തു?

ഓമൽമലയാളത്തെ എന്തുചെയ്തു?" - ഇല്ല ,നമുക്കുത്തരമില്ല, കാരണം രക്ഷിക്കേണ്ട കരങ്ങൾ തന്നെയല്ലേ മലയാളത്തെ ശിക്ഷിക്കുന്നത് ? തമിഴന് തമിഴും കന്നഡിഗന് കന്നഡയും പ്രിയപ്പെട്ടതാകുമ്പോൾ മലയാളിക്ക് മലയാളം 'അറിയില്ല' . എന്തൊരു അതിശയോക്തി! മലയാളിയും മലയാളവും കടന്നുചെല്ലാത്ത ഒരു സ്ഥലവും ഈ ഭൂമിയിലില്ല . മലയാളത്തിലൂടെ നാം മൊഴിഞ്ഞ മണിമുത്തുകളാണ് വിദേശികളെപ്പോലും ഇങ്ങോട്ടേക്കു ആകർഷിച്ചത് . ആർഷഭാരത സംസ്കാരത്തിന് കേരളത്തനിമ വിളമ്പിക്കൊടുത്ത ഭാഷയാണ് മലയാളം . ഇന്ന് രക്ഷിതാക്കൾ എന്റെ മകൻ ഇംഗ്ലീഷ് മീഡിയത്തിലാണെന്നു അന്തസ്സോടെ പറയുമ്പോൾ മകൻ മലയാളം മീഡിയത്തിലാണെന്നു പതിഞ്ഞ സ്വരത്തിലല്ലേ പറയുന്നത്? എന്നാൽ സ്നേഹം,കാരുണ്യം,സഹിഷ്ണത തുടങ്ങിയ ഗുണങ്ങൾ നെഞ്ചിലേറ്റാൻ മലയാളത്തിലൂടെ തന്നെ പഠിക്കണം. കേവലം 80 ലക്ഷം പേർ സംസാരിക്കുന്ന സ്വീഡിഷ് ഭാഷക്കും 100 ലക്ഷം പേർ സംസാരിക്കുന്ന ഗ്രീക്ക് ഭാഷക്കും ലോകത്തിൽ വലിയ സ്ഥാനം നൽകുമ്പോൾ 3 കോടിയിൽ അധികം ഉള്ള മലയാളികൾ മാതൃഭാഷയോടു കാണിക്കുന്നത് ലോകത്തു മറ്റൊരു ജനതയും കാണിക്കാത്ത അനാസ്ഥയാണ് . ഇങ്ങനെ തുടർന്നാൽ കാവ്യചക്രവർത്തിമാരായ വള്ളത്തോളും ഇടശ്ശേരിയും ഓ എൻ വിയും പി കുന്ഹിരമാണ് നായരുമെല്ലാം ആധുനികമലയാളിയുടെ മിഥ്യാഭിമാനത്തെ വ്കഗദകൊണ്ട് അടിച്ചുവീഴ്ത്താൻ പുനർജനിക്കും .

ഇങ്ങനെയെല്ലാമാണെങ്കിലും നമുക്കിന്നു ആശ്വസിക്കാൻ വകയുണ്ട് . യുനെസ്കോയുടെ ശ്രേഷ്ഠഭാഷാ പട്ടികയിൽ മലയാളത്തിന് 16 ആം സ്ഥാനമുണ്ട് . 2013 മെയ് 23 ന് മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചു . ഇനിയുള്ള കാലത്തേക്കെങ്കിലും നമ്മുടെ ഭാഷാപിതാവായ തുഞ്ചത്തു എഴുത്തച്ഛൻ കൈപിടിച്ച് പിച്ചവെപ്പിച്ച അമ്മമലയാളത്തെ , കുഞ്ചൻ നമ്പ്യാർ ഫലിതതൈലം പുരട്ടിയ നന്മമലയാളത്തെ, ഇരയിമ്മൻ തമ്പി താരാട്ടു പാടിയുറക്കിയ സ്നേഹമലയാളത്തെ നമുക്ക് അതിന്റെ എല്ലാ വിശുദ്ധിയുടെയും കാത്തുസൂക്ഷിക്കാം.......

*************************************************************

# അമ്മ

പൂനിലാവിൽ വിരിയുന്നപോൽ

എൻ ഹൃത്തിൽ നിറയും മധുരംപോൽ

മനസ്സിൽ അമ്മതൻ വാക്കുകൽ

അമ്മയെ അറിയും നിമിഷം....

എന്നെ നിനച്ചൊരാ....

അമ്മതൻ നൊമ്പരം

അമ്മതൻ കണ്ണിണയിൽ നിന്നും

അടർന്നുവീഴ്കെ

അമ്മയായ് ഒഴുകും പുഴയിൽ

# കാലം

*കാലമേ*
*നീ എത്ര മാറിപോയ്*
*തെളിനീരുപോലെ*
*പരിശുദ്ധമായ ബന്ധങ്ങളിൽ*
*എന്തിനാണ്*
*ചതിയുടെ കൈപ്പുനീർ*
*തളിക്കുന്നത്*

*നീ*
*അമ്മയുടെ മാതൃത്വത്തിലും*
*സഹോദര  സ്നേഹത്തിലും*
*കാപട്യം കലർത്തുന്ന*
*തെന്തിനാണ് ?*

*വിശ്വാസത്തിന്റെ*
*പവിത്രതയിൽ കോർത്ത*
*ദാമ്പത്യത്തിലും*
*വിഷത്തുള്ളികൾ വീഴ്ത്തി*

*കാലമേ*
*ചിന്തിക്കുന്നവന്റെ മനസ്സിൽ*
*തെറ്റുകൾ*
*നിറക്കുന്നതെന്തിനാണ് നീ ?*

*കാലമേ*

*നീ മാറണം വഞ്ചനയുടെയും*
*കുടിലതയുടെയും ഈ*
*ലോകത്ത് നിന്ന്.*

*തിരിഞ്ഞുനടക്കണം നീ*

*ഇന്നലെകളുടെ മനോഹര*
*തീരങ്ങളിലേക്ക്.*

*സ്നേഹിക്കാൻ*
*മാത്രമറിഞ്ഞിരുന്ന*
*പൂർവികരുടെ ചാരത്തേക്ക്.*

*അന്ധതയില്ലാത്ത കണ്ണുകളും*
*ബധിരമല്ലാത്ത കാതുകളും*
*വാചാലമായ നാവുകളും*
*നൽകിയ*
*അവാച്യ അനുഭൂതികളുടെ*
*ഇന്നലെകളിലേക്കു*

*കാലമേ*
*നിന്നെയെങ്കിലും*
*ഞാനൊന്നു വിശ്വസിച്ചോട്ടെ .*

*ഖാലിദ് വി എം*

# ബാല്യ കാലം

#ഹിബ ഫാത്തിമ 9-c



*ഈറൻ മിഴികളാൽ*
*ഓർക്കുന്നു ഇന്നു ഞാൻ*
*എന്റെയാ ഹർഷമാം*
*ബാല്യ കാലം*
*കണ്ണീരുമില്ലാതെ*
*കയ്യുനീരില്ലാതെ*
*ഓടിക്കളിച്ചു വളർന്ന*
*കാലം*
*സൗഹൃമെരെന്നൊരു*
*പുഞ്ചിരിയാൽ*
*മാനവർ ദുഃഖം മറന്ന കാലം*
*മധുരമേകുമാ ഓർമതൻ കൂട്ടിൽ*
*ചുട്ടു കണ്ണീരാലെ കഴിയുന്നു ഞാൻ*
*ബാല്യകാലത്തിൻ സുഗമമാം ഓർമ്മകൾ*
*എന്റെ മനസിനെ പുൽകിടുന്നു*
*ആ പോയ കാലം പുഞ്ചിരിയാലിന്നു*
*വന്നെങ്കിലെന്നെൻ ഹൃദയം വ്യാ.. മോഹിച്ചിടുന്നു*

# കണ്ണീരോളങ്ങൾ

അഗ്നിപോൽ ജ്വലിക്കുന്നു-
എൻകണ്ണനീർ തുള്ളികൾ
ഞാൻനിനക്കായ് പെയ്യിക്കുന്നു
സ്നേഹത്തിൻകണ്ണനീർ മഴ
ഒരുപൂലർച്ചോലയായി ഒഴുകുന്നു
എൻ കണ്ണിൻ ഓളങ്ങൾ
അതിൽ നിൻ മുഖം തെളിയവേ
ആർദ്രമായി ഒഴുകവേ
ഒരു താളമായീ... രാഗമായീ
അലിയുന്നു... അതിൽ ലയിക്കുന്നു.
എന്നിലേ ...പുവുതൻ നൊമ്പരം
ആരറിയാൻ........
പോകയായീ....ഇരുളിൻ
മറയുന്നു .....കണ്ണീർ തുള്ളികൾ



*********************************

നന്ദന.കെ ഷാജു

# മൗനം



*മൗനമാം സാഗരത്തിൽ*
*ഞാ...നലിയിട്ടൊരു രാഗമായ്*
*അതെന്നിലെ സിരകളിൽ*
*ഒരു നിഗൂഢ നിശ്വാസമുതിർത്തു....*
*എന്റെ ദുഃഖമെന്നുള്ളിലൊതുക്കി*
*ഞാൻ*
*മൗനിയായി നിന്നീ ഭുവിൽ*
*എൻ ദുഃഖമെന്നുമെൻ ദുഃഖമായി ......*
*എങ്കിലുമാ..ദുഃഖത്തിൻനിഴയിലും*
*ഞാൻ ഹർഷ പുളകിതയായി*
*എന്റെ ദുഃഖം എന്നും എന്റേതു മാത്രമായ്....*
*പാരിലൊരു  ജീവനുമറിയുകയില്ലെയെൻ*
*ദുഃഖത്തിൽ നിഴലെന്നോർതു ഞാൻ*
*എന്നും എന്നും ഹർഷ പുളകിതയായി*
*മൗനമായി ജിവിപ്പൂ ഈ ഭുവിൽ*
*ഇന്നെൻ ജീവിതമേ മൗനം*
*മൗനിയായി നിന്നു  ഞാൻ*
*എന്നും മെന്നും.*

******************************

ഹിശാം മുഹമ്മദ് അമീൻ 9-c

# ഓർമ്മതൻ വിദ്യാലയം

വിജന വരാന്തയിൽ
നിറയ്ക്കുമാ ഓർമ്മകൾ
എന്നിലെ എന്നെ ഞാൻ
കണ്ടൊരാ രാവുകൾ
ജനലിലെ അഴികളിൽ
വച്ചെഴുതിയ
കവിതകൾ, ആദ്യാക്ഷരം



എന്നിൽ
പകർന്നൊരാ ഗുരുക്കൻ മ്മാർ
ഹൃദയത്തിൽ നൊമ്പരം പകർന്നോരാ
കൂട്ടുകാർ .....
വേദനിപ്പിച്ചെങ്കിലും ഇന്നിനി
വെറുക്കാൻ വേറൊരു
ഞാൻ എന്നിൽ പിറവി നൽകി

അൻഷിഫ് 9.C

# അവസാനിപ്പിക്കു ഈ അക്രമം

അവസാനിപ്പിക്കു ഈ അക്രമം നാം ജീവിക്കുന്ന ഭൂമിയും അതിലെ പ്രകൃതിയുംനമുക്ക് ദൈവം തന്ന അനുഗ്രഹമാണ്. പ്രകൃതി നമ്മുടെ ജീവന് അത്യാവശ്യമാണ്.പ്രകൃതിയിൽ കാണുന്ന ഓരോന്നും മനുഷ്യന്റെ ഉപയോഗത്തിനുള്ളതാണ്. അതെല്ലാം മനുഷ്യന്റെ വൈകാരികത കൊണ്ടും പപുതിയ കണ്ടു പിടിത്തങ്ങൾ കൊണ്ടും പ്രകൃതിയെ അവൻ നശിപ്പിക്കാൻ തുടങ്ങി.വയലുകളും കുന്നുകളും നികത്തിയും പ്രകൃതിയുടെ മുക്കാൽ ഭാഗവും കോൺക്രീറ്റ് സൗധങ്ങളാക്കി മാറ്റി.വലിയ നീല തിമിഗലം മുതൽ ചെറിയ പ്രാണികൾ വരെ മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന ക്രൂരത കൊണ്ട് നശിക്കാൻ തുടങ്ങി മനുഷ്യൻ ശ്വസിക്കുന്ന പ്രാണവായു വരെ ഇപ്പോൾ മലിനമായികിടക്കുകയാണ്. വയലുകൾ,കുന്നുകൾ,കാട്ടുമേടുകൾ ഇതെല്ലം നമുക്ക് മുൻകാലങ്ങളിൽ വളരെ ആസ്വാദ്യകരമായിരുന്നു.മനുഷ്യൻ ക്രൂരമായി പ്രകൃതിയെ നശിപ്പിക്കാൻ തുനിഞ്ഞതോടെ ഇതെല്ലം നഷ്ടമായി തീരുകയാണ്.കുന്നുകളും,വയലുകളും,പുഴകളും നികത്തിയും കാടുകൾ വെട്ടിയും ഉണ്ടാക്കിയ ആകാശം തൊട്ട് നിൽക്കുന്ന ഫ്ലാറ്റുകളിൽ നിന്നും, ഫാക്ടറി കളിൽനിന്നും വരുന്ന മലിന ജലവും മാലിന്യവും പ്രകൃതിക്ക് ഏറ്റവും പ്രിയപ്പെട്ട ജലാശയങ്ങളിലേക്കാണ് തള്ളിവിടുന്നത്.ഇതിനൊക്കെ കാരണക്കാർ നാം തന്നെ. പ്രകൃതി രമണീയമായ ഓരോ കാഴ്ചയും ഇല്ലാതാകുമ്പോൾ ഓരോ അസൗകര്യങ്ങളും വർധിച്ച് വരുകയാണ്. ഇതുപോലെ തന്നെ പ്രകൃതി നേരിടുന്ന മറ്റൊരു പ്രശ്നമാണ് മനുഷ്യന്റെ അമിതമായ പ്ലാസ്റ്റിക് ഉപയോഗം.ഇങ്ങനെ എന്തെല്ലാം ക്രൂരതകളാണ് പ്രകൃതിയോട് നാം കാട്ടിക്കൂട്ടുന്നത്.ഇങ്ങനെ പ്രകൃതിയെ ഇഞ്ചിഞ്ചായി കൊല്ലുമ്പോൾ ഒരു നാൾ പ്രകൃതിതന്നെ



ഇല്ലാതാവും.ഇതിനൊക്കെ അവസാനം ഖേദിക്കേണ്ടി വരുന്നതും നമ്മൾ തന്നെയാണ്. അതുകൊണ്ട് പ്രകൃതിയെ സംരക്ഷിക്കാൻ നമ്മൾ ഓരോരുത്തരും അണിചേരുക.പ്രകൃതിയുടെ രക്ഷക്കായി നമുക്ക്മുന്നേറാം,

സഫാ ലിയാന 9 D

# ഐ സി യു



ആ എ.സി.റൂമിലിരുന്ന് അയാൾ ഫോൺ ഓൺ ചെയ്തു .നല്ല വിശപ്പുണ്ട് ഗൂഗ്ൾ എടുത്ത് മസാലദോശ എന്ന് ടൈപ്പ് ചെയ്തു മസാലദോശ സ്റ്റോക്കില്ലായിരുന്നു ഫ്ളിപ്കാർട്ടി ൽ സേർച്ച് ചെയ്തു ദോശ ഓഡർ ചെയ്തു ഒരുമിനിട്ട് കൊണ്ട് സാധനം ൽ എത്തി പൈസ നെറ്റ്ബാങ്കിങ് വഴി കൊടുക്കുകയും ചെയ്തു .

മസാലദോശ തോണ്ടി വലിച്ചു .അപ്പോഴേക്കും ഓഫീസിലേക്ക് പോകാനുള്ള ബെൽ അടിഞ്ഞു .വേഗം ഭക്ഷണം കഴിച്ചു ഫോൺ ഓൺ ചെയ്തു ബി എം ഡബ്ല്യൂ കാർ ടൈപ് ചെയ്തു .മിനിട്ടുകൾക്കകം കാർ വീടിനു മുമ്പിലെത്തിയിരുന്നു കാറിൽ കയറിയിട്ട് ഓഫീസ് എന്നു ടൈപ്പ് ചെയ്തു കണ്ണുചിമ്മി തുറക്കുമ്പോഴേക്കും ഓഫീസിൽ എത്തി.വീണ്ടും ഫോൺ ഓൺ ചെയ്തു. വല്ലാത്ത ദാഹംകാരണം വെള്ളം എന്ന് ടൈപ്പ് ചെയ്തു നോകി no result എന്നാണ് കാണാൻ കഴിഞ്ഞത്. വെള്ളം ഇല്ല ഒരു തുള്ളി പോലും. അവശനായി. രോഗബാധിതനായി. കണ്ണ് തുറന്നപ്പോൾ ഐ സി യു . ഭാര്യ അടുത്തുനിന്ന് കരയുന്നു. വീണ്ടും അടഞ്ഞുപോയി കണ്ണുകൾ. ക്ഷീണം അത്രയ്ക്ക് കഠിനമായിരുന്നു. പിന്നെ അയാൾ വെന്റിലേറ്ററിൽ പ്രവേശിച്ചു. രണ്ടു ദിവസം കൊണ്ട് ഡോക്ടർമാർ കയ്യൊഴിഞ്ഞു കാരണം അയാളുടെ ശരീരത്തിൽ ഒരു തുള്ളിപോലും വെള്ളം ഇല്ലായിരുന്നു വീണ്ടും എ സി റൂമിൽ. അയാൾ ഗൂഗ്ൾ എടുത്തു. ജീവൻ എന്ന് ടൈപ്പ് ചെയ്തു അതും no result .
*****************************************************

നദീർ മിസ്ഹബ് 9 സി

# എന്റെ സ്കൂളും ഹൈടെക്കായി

*അഭിനവ് ഊരത്ത്*

ഏഴാം ക്ലാസ്സിന്റെ പടിയിറങ്ങുമ്പോൾ എന്റെ ചിന്ത പുതിയ കലാലയത്തെ പറ്റിയായിരുന്നു.ചെറിയ സ്കൂൾ പുതിയ കൂട്ടുകാർ ഞാൻ പ്രവേശിക്കുന്നത് ഒരു പുതിയ ലോകത്തിലേക്കാണ്.

അങ്ങെനെ എന്റെ അവധിക്കാലം കഴിഞ്ഞു ഞാൻ എന്റെ പുതിയ ലോകത്തിലേക്കാണ് സഞ്ചരിക്കുകയാണ്.ഞാൻ സഞ്ചരിക്കുമ്പോഴും എന്റെ ചിന്ത മുഴുവൻ എന്റെ പുതിയ കലാലയത്തെ പറ്റിയായിരുന്നു ഞാൻ അങ്ങനെ സ്കൂളിന്റെ പടിവാതിൽ കടന്നു .ഞാൻ ഒന്ന് മുകളിലേക്ക് നോക്കി അടിക്കടി വച്ച പുസ്തകം പോലെ ഇരുനില കെട്ടിടം അങ്ങനെ എന്റെ ക്ലാസ്സിന്റെ പടവുകൾ കയറി എന്റെ ക്ലാസ്സിൽ എത്തി . ഞാൻ ഇതുവരെ കാണാത്ത അന്യരായ കുട്ടുകാർ .ഞാൻ അവിടെ ഒരു ബെഞ്ചിൽ ഇരുന്നു ഞാൻ അടുത്തിരിക്കുന്നയാളുടെ പേര് ചോദിച്ചു അവൻ അവന്റെ പേര് പറഞ്ഞു.ഞങ്ങൾ അങ്ങനെ ഒന്നും രണ്ടും പറഞ്ഞു ഞങ്ങൾ കൂട്ടുകാരായി.അങ്ങനെ രണ്ടു ദിവസം കഴിഞ്ഞപ്പോൾ ഞങ്ങൾ എല്ലാവരും കൂട്ടുകാരായി. അങ്ങനെ കുറച്ചു നാളുകൾ കഴിഞ്ഞു നിങ്ങളുടെ സ്കൂളിലെ കുറച്ചു കെട്ടിടവും മറ്റും പൊളിച്ചുമാറ്റി ആർക്കും എന്താണ് ഇവിടെ നടക്കുന്നതെന്ന് അറിയില്ല. അപ്പോൾ ആരോ അവിടുന്ന് പറയുന്നത് കേട്ടു സ്കൂൾ അന്താരാഷ്ട്ട നിലവാരത്തിലേക്ക് ഉയരുകയാണ്.



- ആ വാർത്ത കേട്ടപ്പോൾ എനിക്കും എന്റെ കൂട്ടുകാർക്കും സന്തോഷമായി പിന്നെ കുറച്ചു മാസങ്ങൾ കടന്നുപോയി ഇരുന്നിലകെട്ടിടം മൂന്ന് നില കെട്ടിടമായി.പൊടിപിടിച്ച ചുമരുകൾക് ചായം പൂശി.കോൺക്രീറ്റ് നിലം ടൈൽ ആയി.എല്ലാക്ലാസ്സിലും ഫാൻ,ബൾബ്,കമ്പ്യൂട്ടർ ,പ്രൊജക്ടർ എന്നിവയൊക്കെ ആയപ്പോൾ

ക്ലാസ്സ് ഒരു തിയറ്റർ പോലെയായി സ്കൂളാകെ മഴവില്ല് പോലെ. അങ്ങനെ എന്റെ എട്ടാംക്ലാസ് ജീവിതം കഴിഞ്ഞു.ഇനി ഒൻപതാംക്ലാസ്സിലേക്കുള്ള ചുവടുവയ്പ്പാണ് അതായത് ഹൈടെക് സ്കൂളിലേക്കുള്ളചുവടുവെപ്പ്...

- ^ ^^^^^^^^^^^^^^^^^^^^^^^^^^^^^^^^

# നന്നായി പഠിക്കാം, കളിക്കാം



സ്ക്കൂൾതുറന്നതല്ലെ, ഇനി ഉത്സാഹിച്ചു പഠിക്കാം പക്ഷെ,പഠനം മാത്രം പോരാ കളിയും വേണം. പഠനം അറിവ് തരും. അറിയാത്ത ലോകങ്ങൾ കാണിച്ചു തരും. അത് മനസ്സിന്റെ ശക്തിയും ആരോഗ്യവും കൂട്ടും. ശരീരത്തിന്റെ ആരോഗ്യത്തിനു കളികളും വ്യായാമവും വേണം. കൂട്ട്കൂടി പലതരം കളികളിലേർപ്പെട്ടു ശരീരം വിയർക്കണം. വ്യായാമമുറകൾ വേണം രാവിലെഉണർന്നു വ്യായാമം ചെയ്യാം. അപ്പോൾ അവയവങ്ങൾ ഉറയ്ക്കും. ദഹന പ്രക്രിയ



നന്നായി നടക്കും. പെൺകുട്ടികളും മൈതാനത്തു കളിക്കാൻ ഇറങ്ങണം. കളിസ്ഥലങ്ങളെലാം എല്ലാവർക്കുമുള്ളതാണ്. നന്നായി കളിച്ചാൽ രക്തയോട്ടം വർധിക്കും. ഉന്മേഷം കൂടും. ഉന്മേഷമുണ്ടെങ്കിൽ നന്നായി പഠിക്കാം. നന്നായി പഠിക്കാൻ നന്നായി കളിക്കുക. അറിവും ആരോഗ്യവും ഒരു പോലെ പ്രദാനമാണ്.

ശാമിൽ എം.സി

# • ഒരു തോരാമഴ

*അവൾ മരിച്ചന്നു രാത്രി*
*അമ്മതൻ കണ്ണുനീർ*
*ആകെ വരണ്ടുവാ*
*കണ്ണുകൾ ചോരചുവപ്പായി*
*അവളുടെ ഓർമ്മകൾ*
*മനസ്സിലൊരു വിങ്ങലായ്*
*ആഴ്ന്നിറങ്ങീടവെ*
*മുറ്റത്തെ തേന്മാവിൽ*
*നിന്നൊരു മാമ്പഴമറ്റു വീണിങ്ങനെ*
*ചൊല്ലീ ... നീയൊരിക്കലും തനിച്ചല്ല*
*അപ്പുറത്തഴുക്കോലിലവളുടെ*
*കുഞ്ഞുടുപ്പാടിക്കളിച്ചു*
*ഇളം കാറ്റിലവളുടെ*
*കുഞ്ഞുപാവാട കുലുങ്ങിചിരിച്ചു .*
*ഉമ്മറ കല്പടിക്കരികിൽ അവളുടെ*
*ചെരിപ്പുകൽ പിന്നെയും കാത്തിരിക്കുന്ന*
*ചിണുങ്ങി പെട്ടെന്നു വന്നു പെരുമഴ*
*അമ്മ തെല്ലുവെഗം ഉള്ളിലേക്കോടി*
*തെല്ലു വില്ലൊടിഞ്ഞെന്നുള്ളോരാ*
*കുഞ്ഞികുടയെടുത്തു മെല്ലെ തെക്കേ*
*പുറതവളുടെ കല്ലറയ്ക്കുടുത്തേക്കോടി*
*പിന്നെ തെക്കെ പുറത്താറടി*
*മണ്ണിലവളുറങ്ങുന്നിടത്താ*
*വില്ലൊടിഞ്ഞെന്നു കിണുങ്ങിടുന്ന,*
*കുഞ്ഞികുടയൊന്നു ചാരിവച്ചു*
*കണ്ണീരുപോലെ കവിഞ്ഞാമഴ*
*പിന്നീടൊരിക്കലും തോർന്നതേയില്ല*
*പിന്നൊരിക്കലും തോർന്നതേയില്ല.*

• <u>*മുഹമ്മദ് റാഫി ടി.എം*</u>

കഥ

# കനിവ്

അമ്മു ജനാലയുടെ അഴികളിൽ പിടിച്ച് കരയുകയാണ്.അവളുടെ ആ കരച്ചിലിൽ ഒരു ബലഹീനതയും വ്യക്തമാകുന്നുണ്ട്. അത് എന്തുകൊണ്ടാണെന്ന് അറിയാൻ 'അമ്മ ഇടയ്ക്കിടെ റൂമിൽ കയറി വന്നു. മുഴുവൻ അലങ്കോലപെടിത്തിയിരിക്കുന്ന ആ റൂമിൽ അവളുടെ പരീക്ഷ പേപ്പറിന്റെ പല കഷണങ്ങൾ ഓരോ വശങ്ങളിലുമായി കണ്ടു. അമ്മയ്ക്ക് കാര്യം പിടികിട്ടി. " ഓ ...ഇതിനാണോ എന്റെ മോൾ കരയുന്നത്. ഇതൊക്കെ എന്തിനാ ഇങ്ങനെ കാര്യമായെടുക്കുന്നെ?അടുത്ത പരീക്ഷ വരുമ്പോൾ സ്കൂളിൽ തന്നെ ഏറ്റവും കൂടുതൽ മാർക്ക് മോൾക്ക് കിട്ടും. "

അവൾ ഒന്നും പറഞ്ഞില്ല. അത് കേൾക്കാത്തത് പോലെ തേങ്ങി.

അമ്മ അവളുടെ മൂകതയ്ക്കു മുൻപിൽ പരിഭ്രമിച്ചുപോയി.

അമ്മയുടെ ഒരു ലോല സ്പർശനം അവളുടെ കരച്ചിൽ നിശ്ചലമാക്കി. അമ്മ അവളെ തലോടി കൊണ്ട് പുറത്തേക്കു നോക്കി. ഒരു തുള്ളി കണ്ണുനീർ ജനാലയ്ക്കടുത്തുള്ള സ്ഫടികഗ്ലാസിൽ വന്നു പതിച്ചു.അവിടെ ഒരു ഭിക്ഷക്കാരൻ റോഡിൽ നിന്നെ കിട്ടിയ ഭക്ഷണം ആർത്തിയോടെ കഴിക്കുകയാണ്.അവരുടെ അരികിൽ മൂന്നുനാലു വയസ് പ്രായം തോന്നിക്കുന്ന ഒരു കുരുന്നുമുണ്ട്.അമ്മ അവളുടെ തോളിൽ കൈ വച്ച് പറഞ്ഞു."എന്തൊരു കഷ്ടമാണ് ആ വൃദ്ധന്റെയും അവരുടെ പേര മകളുടെയും കാര്യം. അവൾ കഴിക്കുന്നത് പഴകിയ ഭക്ഷണമാണ്. മോൾക്കിവിടെ ഇത്രയും സൗകര്യമുണ്ടായിട്ടും മോൾക്കെന്താ കഴിച്ചാല് ?"

" എനിക്ക് കഴിക്കാൻ കഴിയുന്നില്ല അമ്മെ.... ആ കുട്ടിയുടെ കാര്യം ആലോചിക്കുമ്പോഴാണ് കൂടുതൽ സങ്കടം. എനിക്ക് അവളുടെയും മുത്തച്ഛന്റേയും വിശപ്പ് മാറ്റണം. "

" മോള് വിഷമിക്കണ്ട. ഇവിടെ ഒരു ദിവസം പാഴാക്കുന്ന ഭക്ഷണത്തിന് കണക്കില്ല. നമുക്ക് ഇപ്പോൾ തന്നെ അവർക്കു ഭക്ഷണം കൊടുക്കാം.

അചിത്ര കെ

# അഖില കേരളം

നന്ദന കെ

കേരളം കേരളം കേരളീയ ഭാരതം
പ്രളയത്തിൻ  കെടുതിയിൽ
അകമുരുകും  വേദനയായ്
വെന്തുരുകും മലയാളിതൻ  മനസ്സുകൾ
മഴയായ് മാരി  പെയ്തു
തൻ ജീവൻ നുകർന്നൊരാ
പേമാരികൾ.....

# ജ്വലനം

നന്ദന കെ

ആളിക്കത്തുമീ...അഗ്നിയിൽ
ജ്വലിച്ചൊരാ....
ആ കരാളമാം കൈകൾ
ആരുടേതാവാം....
മണ്ണിൽ അടർന്നു വീഴ്ന്നൊരാ...
കണ്ണീർ നനവുമായ്
തീർന്നോരാ... കനവുകൾ
ആരുടേതാവാം...
കേഴുന്നൊരാ കുഞ്ഞിന്റെ
വേദന കടലിന്റെ ആഴങ്ങളിൽ
ആഞ്ഞടിക്കെ...
തീർന്നോരാ... കനവുകൾ
ആരുടേതാവാം..

# കുറ്റ്യാടി

നന്ദിത വി  9 എച്ച്

കോഴിക്കോട് ജില്ലയിലെ, വായനാടിനോട് ചേർന്നുകിടക്കുന്ന സ്ഥലമാണ് കുറ്റ്യാടി. നിയമസഭ മണ്ഡലം കൂടിയായ കുറ്റ്യാടി ജലവൈദ്യുദിപദ്ധതിയിലൂടെയും നാളികേര സമൃദ്ധിയുടെ പേരിലും ഏറെ പ്രസിദ്ധമാണ് കുറ്റ്യാടി.



എന്നാൽ,ഇതിൽ നിന്നെലാം വ്യത്യസ്തമായി ഒരു ബൃഹദ്ചരിത്രം കുറ്റ്യാടിയുടെ മണ്ണിനുണ്ട്. ഇന്ത്യൻ സാതന്ത്ര്യസമരത്തിന്റെ അലയൊലികൾ ഈ നാട്ടിലും വലിയ മാറ്റങ്ങൾ ഉണ്ടാക്കി. പഴശ്ശിരാജയുമായ് ബന്ധപ്പെട്ട ഒരു ചരിത്രം കൂടി ഈ നാടിന്നു സ്വന്തം ആണ്.

1820 കളിൽ പഴശ്ശിരാജ വന്നതുമായി ബന്ധപെട്ടുണ്ടായതാണ് കുറ്റ്യാടി എന്ന സ്ഥലനാമം. പുതിയ സേന താവളം പണിയാനായി പഴശ്ശിയുടെ സൈന്യം എവിടെ വരികയുണ്ടായി. പുഴയുടെ തീരത്തുള്ള
ഭൂമി ഉചിതമാണെന്നു തോന്നിയതിനാൽ അവിടെ കോട്ടയുണ്ടാകാൻ തീരുമാനിച്ചു. അതിനായി സ്ഥലമൊരുക്കി കുട്ടി അടിച്ചു. എന്നാൽ പഴശ്ശിയുടെ അവസാന കാലത്തു ഈ ശ്രമം ഉപേക്ഷിക്കുകയുണ്ടായി
ആ കുട്ടി പിന്നീട് ഇളകി ആടി വീണു പോയതിനത്രേ പഴശ്ശിരാജ കോട്ടയുണ്ടാകാൻ തീരുമാനിച്ച സ്ഥലത്തിന് 'കുറ്റിയാടി' എന്ന് പേരുണ്ടായതും അത് ലോഭിച്ചു കുറ്റ്യാടി ആയതും.



*പഴശ്ശിരാജ*

ഇത്തരത്തിൽ പഴശ്ശിയുടെ ബന്ധപ്പെട്ട നിരവധി കഥകളും അഭ്യൂഹങ്ങളുമുണ്ട്. മുമ്പ് വന്യമൃഗങ്ങളുടെ വിഹാരകേന്ദ്രമായിരുന്ന കുറ്റ്യാടിയിൽ തന്റെ കാര്യസ്ഥന്മാരിലൊരാളായ തലയ്ക്കൽ ചന്ദുവിനൊപ്പം വന്നു

ഇന്നത്തെ കുറ്റ്യാടി പോലീസ് സ്റ്റേഷനും രെജിസ്റ്ററാഫീസും നിന്നിരുന്ന സ്ഥലത്തായിരുന്നത്രെ അവർ തങ്ങളുടെ കോട്ട നിർമിക്കാൻ തീരുമാനിച്ചത്. കുറ്റ്യാടിയിൽ ആദ്യമായി മുസ്ലിം പള്ളി സ്ഥാപിച്ചത് പഴശ്ശിയായിരുന്നത്രെ. ഇന്നത്തെ P.W.D ഓഫീസിന്റെ തറ പണ്ട് പഴശ്ശി താമസിച്ചിരുന്ന വീടിന്റേതാണെന്നും അവിടെയുള്ള കിണർ അന്ന് പഴശ്ശിരാജയ്ക്കുവേണ്ടി കുഴിച്ചതാണെന്നും പറയപ്പെടുന്നു. അദ്ദേഹം നിർമിച്ചതെന്ന് പറയപ്പെടുന്ന ഒരു ശ്രീകൃഷ്ണ വിഗ്രഹത്തിന്റെ അവശിഷ്ടങ്ങൾ ഇന്നു വില്ലേജ് ഓഫീസിലുണ്ട്.

പഴശ്ശി കോട്ട കെട്ടാൻ ഉദ്ദേശിച്ച സ്ഥലത്തിന്റെ അടുത്തുള്ള കടവിന് കൊയിലോത്ത് കടവ് എന്നാണ് അറിയപ്പെടുന്നത്. ടിപ്പുവുമായുള്ള ബ്രിട്ടീഷുകാരുടെ യുദ്ധത്തിൽ ടിപ്പുവിന്റെ താവളം പിടിച്ചെടുത്ത ആയുധങ്ങൾ കൊണ്ട് വന്നത് ഇവിടെക്കായിരുന്നത്രെ.

കേവലം കോഴിക്കോട് ജില്ലയില്ലെ ഒരു സ്ഥലമെന്നതിലുപരി വർഷങ്ങളുടെ ചരിത്രമുറങ്ങുന്ന ഒരു സ്ഥലമാണ് കുറ്റ്യാടി എന്ന് ചരിത്രകാരന്മാർ വിലയിരുത്തുന്നു.അതുതന്നെയാണ് ഈ കൊച്ചു ദേശത്തിന്റെ അഭിമാനം; ഒരുപക്ഷെ സ്വകാര്യ അഹങ്കാരം!

# കേരളം




*കേരളം കേരളം നമ്മുടെ നാട്*
*കേരം തിങ്ങിയ നമ്മുടെ നാട്*
*മലയാളത്തിൻ  സ്വന്തം നാട്*
*നമ്മുടെ നാട് സ്വന്തം  നാട്*

*കേരളം കേരളം നമ്മുടെ നാട്*
*സ്നേഹത്തിന്റെ സ്വന്തം നാട്*
*ഒത്തൊരുമിക്കാം കൈകൾ കോർക്കാം*
*ഒരുമിച്ചൊന്നായ് മുന്നേറാം*
*******************

മുബഷീർ അടുക്കത്ത്

# വരകളിലൂടെ




Aswn



# കുന്നിക്കുരുമണി

## പുറത്തിറക്കാൻ

## സഹകരിച്ച

## എല്ലാവർക്കും

# നന്ദി